**I ഇ.ബി. XIII – കേരള നിയമസഭ/III-1**

**പതിമൂന്നാം കേരള നിയമസഭ**

**മൂന്നാം സമ്മേളനം**

**നിയമസഭാ നടപടികൾ**

**സംഗ്രഹം**

2011 ഡിസംബർ 09, വെള്ളി

നിയമസഭ രാവിലെ 9.00-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. **ചെയർമാൻമാരുടെ പാനൽ**

സർവ്വശ്രീ പാലോട് രവി, തോമസ് ഉണ്ണിയാടൻ, കെ. രാജു എന്നീ അംഗങ്ങളെ പതിമൂന്നാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേക്ക് നാമനിർദ്ദേശം ചെയ്തു.

II. **ചട്ടം 130 പ്രകാരമുള്ള ഉപക്ഷേപം**

**മുല്ലപ്പെരിയാർ പ്രശ്നപരിഹാരത്തിന് നടപടി സ്വീകരിക്കണമെന്നത് സംബന്ധിച്ച്**

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): "തുടർച്ചയായി ഉണ്ടായ ഭൂകമ്പ ഭീഷണിയും ഡാമിന്റെ പഴക്കവുംമൂലം മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയെ പ്പറ്റിയും നിലനിൽപ്പിനെപ്പറ്റിപ്പോലും ഗുരുതരമായ ഭീഷണി ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ ഡാമിലെ ജലനിരപ്പ് 120 അടിയാക്കി താഴ്ത്തുവാനും പുതിയ ഡാം നിർമ്മിക്കുവാനും ലക്ഷക്കണക്കായ ജനങ്ങളുടെ സുരക്ഷയെ

കണക്കിലെടുത്ത് കൈക്കൊള്ളേണ്ട നടപടികളെ സംബന്ധിച്ചും സഭ ചർച്ച ചെയ്യണം" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഭരണഘടനയുടെ 177-ാം വകുപ്പിലും ശക്ധർ ആന്റ് കൗളിലും പ്രതിപാദിച്ചിരിക്കുന്നതനുസരിച്ച് ഇന്ന് ചർച്ച ചെയ്യുന്ന വിഷയവുമായി ബന്ധപ്പെട്ട് വ്യക്തത വരുത്തുന്നതിനുവേണ്ടി നിയമസഭയിൽ അഡ്വക്കേറ്റ് ജനറലിനെ വിളിച്ചുവരുത്താൻ ഗവൺമെന്റ് തയ്യാറാകേണ്ടതായിരുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മുല്ലപ്പെരിയാർ ഡാമിനെക്കുറിച്ച് ചർച്ച ചെയ്യാൻവേണ്ടി മാത്രമാണ് ഈ സമ്മേളനം വിളിച്ചുചേർത്തത്. മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയെ സംബന്ധിച്ചിടത്തോളം പുതിയ ഡാം നിർമ്മിക്കുക എന്നതാണ് ഏക പോംവഴി. 'തമിഴ്നാടിന് വെള്ളം കേരളത്തിന് സുരക്ഷ' എന്നതാണ് കേരളത്തിന്റെ നിലപാടെന്ന് ലോകം അറിയണം. തമിഴ്നാടുമായുള്ള നല്ല ബന്ധം തുടരാൻ ആഗ്രഹിക്കുന്നതോടൊപ്പം സംസ്ഥാനത്തെ ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തേണ്ട ചുമതലകൂടി ഗവൺമെന്റിനുണ്ട്. കേരളത്തിലെ ജനങ്ങളുടെ സുരക്ഷയെന്ന ആവശ്യം തമിഴ്നാട് ഗവൺമെന്റ് അംഗീകരിക്കാത്തതിൽ ദു:ഖം ഉണ്ട്. ഇക്കാര്യത്തിൽ ഏറ്റവും വേഗത്തിലുള്ള ഒരു തീരുമാനമാണ് ആവശ്യമായിട്ടുള്ളത്. സുപ്രീം കോടതിയുടെ തീരുമാനം അനിശ്ചിതമായി നീണ്ടുപോകുമെന്നതിനാൽ തമിഴ്നാടുമായുള്ള നല്ല ബന്ധം നിലനിർത്തിക്കൊണ്ടുതന്നെ തമിഴ്നാടിന് വെള്ളവും കേരളത്തിന് സുരക്ഷയുമെന്ന ലക്ഷ്യം നേടിയെടുക്കുന്നതിന്

കേരളം ഒറ്റക്കെട്ടായി പ്രവർത്തിക്കണം. കേരളത്തിന്റെ നിലപാട് ലോകത്തെ അറിയിക്കുന്നതിനും നമ്മുടെ ലക്ഷ്യം നേടുന്നതിനുംവേണ്ടി കൂട്ടായി പ്രവർത്തിക്കുകയും ഈ ചർച്ചയിലൂടെ അതിനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യണം.

മി. സ്പീക്കർ: ലോകമെമ്പാടുമുള്ള മലയാളികൾ വളരെ താൽപ്പര്യ ത്തോടും ഗൗരവത്തോടും കൂടിയാണ് ഇന്നത്തെ നിയമസഭാ സമ്മേളനത്തെ കാണുന്നത്. പ്രദേശത്തെ ജനങ്ങൾക്ക് ആത്മവിശ്വാസം നൽകാനും സുരക്ഷിതത്വം ഉറപ്പുവരുത്താനും കഴിയണം. പക്വതയും കുലീനതയും മിതത്വവും പ്രതിഫലിക്കുന്നതും കേരളത്തിന്റെ അഭിമാനവും അവകാശവും സംരക്ഷിക്കുന്നതിനുതകുന്നതുമായ ഒരു ചർച്ച പ്രതീക്ഷിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഉപക്ഷേപത്തെ പിന്താങ്ങുന്നു. 115 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ ഡാം കേരളത്തെ ബാധിക്കുന്ന ഏറ്റവും വലിയ പ്രശ്നമായി മാറിയിരിക്കുകയാണ്. ഈ വിഷയത്തിൽ അടിയന്തര മായി ഇടപെടാൻ സാധിച്ചില്ലെങ്കിൽ വലിയ ഒരു ദുരന്തമായിരിക്കും ഉണ്ടാകാൻ പോകുന്നതെന്ന ആശങ്കയാണ് രാജ്യത്തെമ്പാടുമുള്ളത്. ഡാമിലെ ജലനിരപ്പ് 120 അടിയായി കുറച്ചില്ലെങ്കിൽ അപകടമുണ്ടാകു മെന്നാണ് വിദഗ്ദ്ധരുടെ അഭിപ്രായം. ഈ ഡാം സുർക്കിയും കുമ്മായവും കരിങ്കല്ലും ഉപയോഗിച്ച് നിർമ്മിച്ചതാണ്. വളരെ പഴക്കമുള്ള ഈ അണക്കെട്ടിന്റെ മുകളിലുള്ള 16 മീറ്റർ ഭാഗത്താണ് ഏറ്റവുമധികം ചോർച്ച യുണ്ടാകുന്നത് എന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. അതുകൊണ്ടാണ് ജലനിരപ്പ് 120 അടിയായി താഴ്ത്തി ചോർച്ച തടയണമെന്ന് ആവശ്യപ്പെടുന്നത്. ഇത് ഗൗരവമായി എടുക്കേണ്ട പ്രശ്നമാണ്. ഈ

ഡാമിന്റെ നടത്തിപ്പും എല്ലാ ചുമതലകളും തമിഴ്നാടിനായതിനാൽ സംഭരണശേഷി 120 അടിയായി കുറയ്ക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തരമായി കേന്ദ്ര ഗവൺമെന്റിന്റെ ഇടപെടൽ ഉണ്ടാകണം. താമസം നേരിട്ടാൽ അതുണ്ടാക്കുന്ന പ്രത്യാഘാതം വളരെ ഗൗരവതരമായിരിക്കും. ചോർച്ചയും മർദ്ദവും ഒഴിവാക്കാനുള്ള ഡ്രെയിനേജ് ഗ്യാലറികളോ നിർഗ്ഗമന കുഴലുകളോ ഇല്ലെന്നുള്ളത് ഈ ഡാമിന്റെ ഏറ്റവും വലിയ ന്യൂനതയാണ്. മുല്ലപ്പെരിയാർ ഡാമിൽ തമിഴ്നാട് നടത്തിയ ശക്തി പ്പെടുത്തൽ നടപടികളൊന്നുംതന്നെ ഫലവത്തായിട്ടില്ല. അപകടസാദ്ധ്യത വർദ്ധിപ്പിക്കുന്ന സ്ഥിതി നിലനിൽക്കുന്ന സാഹചര്യത്തിലാണ് പുതിയ അണക്കെട്ട് വേണമെന്ന് ആവശ്യപ്പെടുന്നത്. കരാർ പ്രകാരം തമിഴ്നാടിന് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന വെള്ളത്തിൽ കുറവ് വരുത്താതെ പ്രശ്ന ത്തിന് പരിഹാരം കാണാനാണ് ശ്രമിക്കുന്നത്. പുതിയ ഡാം നിർമ്മിച്ചില്ലെ ങ്കിൽ ഏറ്റവും കൂടുതൽ നഷ്ടമുണ്ടാകാൻ പോകുന്നത് തമിഴ്നാടിനായിരി ക്കും. തമിഴ്നാട്ടിൽ നാല് ജില്ലകളിൽ ജലസേചനത്തിനായും 140 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനും ഈ വെള്ളം ഉപയോഗിക്കുന്നുണ്ട്. തമിഴ്നാടിന് തുടർന്നും വെള്ളം നൽകുന്ന സാഹചര്യം സൃഷ്ടിച്ചുകൊണ്ട് കേരളത്തിന്റെ സുരക്ഷ ഉറപ്പുവരുത്തുകയെന്നുള്ളതാണ് പ്രധാനം. ഈ ഡാം തകർന്നാലുണ്ടാകുന്ന അപകടകരമായ സാഹചര്യമാണ് സംസ്ഥാനത്തെ ജനങ്ങളിൽ ഉൽക്കണ്ഠയുളവാക്കിയിട്ടുള്ളത്. അതുകൊണ്ട് പുതിയ ഒരു ഡാം നിർമ്മിച്ച് ഈ പ്രശ്നത്തിന് അടിയന്തര പരിഹാരം കാണ ണം. ഒരു രാഷ്ട്രീയ തീരുമാനമെടുത്ത് ഈ പ്രശ്നത്തിൽ ഇടപെടാനുള്ള ഇച്ഛാശക്തി കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. കേന്ദ്ര ഗവൺമെന്റിനെ നിയന്ത്രിക്കുന്ന കോൺഗ്രസ്സ് പാർട്ടി നയപരമായി ഒരു

തീരുമാനമെടുത്താൽ പ്രശ്നത്തിന് പരിഹാരമാവും. ഇവിടെ ഒരു പുതിയ ഡാം വേണമെന്ന ആവശ്യം ആദ്യമായി ഉന്നയിച്ചത് സെൻട്രൽ വാട്ടർ കമ്മീഷനാണ്. ഈ ഡാമിന് ബലമുണ്ടെന്നും ജലനിരപ്പ് 136 അടി എന്നത് 142 ആയും പിന്നീട് 152 ആയും ഉയർത്താമെന്നുമുള്ള സുപ്രീം കോടതി വിധി വന്നത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. ഈ കേസ് ഹൈക്കോടതിയിൽ വന്നപ്പോൾ അഡ്വക്കേറ്റ് ജനറൽ പറഞ്ഞത് മുല്ലപ്പെരിയാർ ഡാം തകരുകയാണെങ്കിൽ ആ വെള്ളം താങ്ങാനുള്ള ശേഷി ഇടുക്കി ഡാമിനുണ്ട് എന്നാണ്. ഇതേ വാദഗതിയാണ് മുമ്പ് സുപ്രീം കോടതിയിൽ കേസ് വാദിക്കുന്ന സന്ദർഭത്തിലും കേരള ഗവൺമെന്റ് നടത്തിയിട്ടുള്ളത്. 2006-ൽ സുപ്രീം കോടതി വിധി വന്ന ഘട്ടത്തിലാണ് ശ്രീ. വി.എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽ വന്നത്. വി.എസ്. ഗവൺമെന്റ് ആ പ്രശ്നത്തിൽ തുടർന്നെടുത്ത സമീപനവും, മുൻ ജലസേചന വകുപ്പുമന്ത്രി ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ നടത്തിയിട്ടുള്ള ഇടപെടലുംകൊണ്ട് ഇതൊരു ഭരണഘടനാ ബഞ്ചിന് വിടാൻ സുപ്രീം കോടതി സന്നദ്ധമായി. അഞ്ചുവർഷക്കാലം എൽ.ഡി.എഫ്. ഗവൺമെന്റ് എടുത്ത താൽപ്പര്യം പിന്നീട് വന്ന യു.ഡി.എഫ്. ഗവൺമെന്റിനുണ്ടായിരുന്നെങ്കിൽ ഹൈക്കോടതിയിൽ ഇപ്പോൾ കൊടുത്തതുപോലൊരു സ്റ്റേറ്റ്മെന്റ് കൊടുക്കില്ലായിരുന്നു. ഈ ഡാമിനെ സംബന്ധിച്ചുള്ള പ്രശ്നം unnecessary apprehension ആണെന്ന അഫിഡവിറ്റ് ഹൈക്കോടതിയിൽ കൊടുക്കാൻ ഇടയായതിനെക്കുറിച്ച് വ്യക്തമാക്കണം. മുല്ലപ്പെരിയാർ ഡാം പൊട്ടിയാൽ 450 കുടുംബങ്ങളെ മാറ്റി താമസിപ്പിക്കേണ്ട ഒരു പ്രശ്നം മാത്രമേയുള്ളൂ എന്ന സ്റ്റേറ്റ്മെന്റ് ആര് പറഞ്ഞിട്ടാണ് ഹൈക്കോടതിയിൽ കൊടുത്തത് എന്നറി

യാൻ താൽപ്പര്യമുണ്ട്. അതിനാണ് അഡ്വക്കേറ്റ് ജനറൽ നിയമസഭയിൽ വരണമെന്ന ആവശ്യമുന്നയിക്കുന്നത്. ഇത്തരത്തിലുള്ള വാദഗതികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടായാൽ സുപ്രീം കോടതിയിൽ നിന്ന് അനുകൂലമായ തീരുമാനമുണ്ടാകുകയില്ല. മുല്ലപ്പെരിയാർ ഡാമിന് നാശം സംഭവിച്ചാൽ ആ പ്രദേശത്തെ സ്കൂളുകളെല്ലാം ഒലിച്ചുപോകുമെന്നിരിക്കെ ആളുകളെ സ്കൂളുകളിൽ മാറ്റിപ്പാർപ്പിക്കാമെന്ന സ്റ്റേറ്റ്മെന്റ് എഴുതിക്കൊടുത്തത് ഖേദകരമാണ്. അഡ്വക്കേറ്റ് ജനറൽ കൊടുത്ത സ്റ്റേറ്റ്മെന്റ് കേരളത്തിന്റെ താൽപ്പര്യത്തിന് വിരുദ്ധമായിട്ടുള്ളതാണ്. ഗൗരവതരമായ സാഹചര്യമാണെന്ന് ജലസേചന വകുപ്പുമന്ത്രി പറഞ്ഞതിന് വിരുദ്ധമായിട്ടാണ് ഭരണകക്ഷിയിലെ മറ്റംഗങ്ങൾ അഭിപ്രായപ്രകടനം നടത്തുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി കൊടുക്കേണ്ട സ്റ്റേറ്റ്മെന്റ് ഒരു വകുപ്പ് തയ്യാറാക്കിക്കൊടുത്തതിന്റെ ഫലമായിട്ടാണ് ഇത്തരമൊരു സാഹചര്യമുണ്ടായത്. ഗവൺമെന്റിന്റെ ഈ നിലപാടിനെ അതിശക്തമായി വിമർശിക്കാനും തുറന്നുകാണിക്കാനുമാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. ഈ കേസ് ദുർബലപ്പെടുത്താതെ പ്രശ്നം സമചിത്തതയോടുകൂടി കൈകാര്യം ചെയ്യാൻ തയ്യാറാകണം. കേരളത്തിലേയും തമിഴ്നാടിലേയും ജനങ്ങൾ സുരക്ഷിതരായിരിക്കണം. ഇതിന്റെ പേരിൽ അക്രമപ്രവർത്തനങ്ങളും അനിഷ്ട സംഭവങ്ങളുമുണ്ടാകാൻ പാടില്ല. ഈ അവസരം മുതലെടുക്കുന്ന സാമൂഹ്യവിരുദ്ധരെ അടിച്ചമർത്താൻ ശ്രമിക്കണം. രണ്ടു സംസ്ഥാനങ്ങളേയും ദോഷകരമായി ബാധിക്കാത്തവിധം പ്രശ്നപരിഹാരമുണ്ടാക്കാൻ കഴിയുന്ന വിധത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഒരു പ്രമേയം കൊണ്ടുവന്നാൽ പ്രതിപക്ഷം പിന്തുണയ്ക്കുന്നതാണ്. കേരളം അഭിമുഖീകരിക്കുന്ന ഗൗരവ

മായ ഈ പ്രശ്നം പരിഹരിക്കുന്നതിന് ഭരണ-പ്രതിപക്ഷകക്ഷി വ്യത്യാസമില്ലാതെ ഒറ്റക്കെട്ടായി നിൽക്കണം.

ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി: ഉപക്ഷേപത്തെ പിന്താങ്ങുന്നു. കേരളീയരുടെ സുരക്ഷിതത്വം തമിഴ്നാട്ടുകാർക്ക് വെള്ളം എന്ന ആശയത്തെപിന്തുണയ്ക്കുകയാണ്. കേരളത്തിലെ നാൽപ്പത് ലക്ഷത്തോളം വരുന്ന മനുഷ്യരുടെ ജീവന്റെ പ്രശ്നമാണിത്. അതോടൊപ്പം തമിഴ്നാട്ടിലെ അഞ്ചുജില്ലകളിലായി പതിനായിരക്കണക്കിന് ഏക്കർ ഭൂമിയാണ് മുല്ലപ്പെരിയാർ ഡാമിലെ ജലമുപയോഗിച്ച് കൃഷി ചെയ്യുന്നത്. വൈകാരികമായി ഈ പ്രശ്നത്തെ കാണാതെ സമചിത്തതയോടും പക്വതയോടുംകൂടിയുള്ള സമീപനം സ്വീകരിക്കണം. ഈ പ്രശ്നത്തിൽ രാഷ്ട്രീയ വ്യത്യാസമില്ലാതെ കേരളീയരുടെ സുരക്ഷിതത്വത്തിനാവശ്യമായ നിലപാടെടുക്കാൻ സാധിക്കണം. പുതിയ ഡാം പണിയുന്നതുവരെ ജലനിരപ്പ് 120 അടിയായി നിലനിറുത്തുകയെന്ന കേരളത്തിന്റെ ആവശ്യം തമിഴ്നാട് അംഗീകരിക്കണം. റിക്ടർ സ്കെയിലിൽ 7.5 വരെ തീവ്രതയുള്ള ഭുചലനങ്ങൾ ഇവിടെ ഉണ്ടാകാനുള്ള സാദ്ധ്യത നിലനിൽക്കുകയും 9 മാസം കൊണ്ട് ഇരുപത് തവണ ഭൂചലനങ്ങൾ ഉണ്ടാകുകയും ചെയ്ത സാഹചര്യത്തിൽ തമിഴ്നാട് സ്വീകരിക്കുന്ന സമീപനം അങ്ങേയറ്റം ഖേദകരമാണ്. കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ ഇടപെട്ട് പ്രധാനമന്ത്രിയുടെ മദ്ധ്യസ്ഥതയിൽ തമിഴ്നാട് നേതൃത്വത്തെ കാര്യങ്ങൾ പറഞ്ഞ് ബോദ്ധ്യപ്പെടുത്താൻ തയ്യാറാകുകയാണ് വേണ്ടത്. തമിഴ്നാട് രാഷ്ട്രീയപാർട്ടികളുമായുള്ള സഖ്യം ഉപയോഗപ്പെടുത്തി കേരളത്തിന് അനുകൂലമായ നിലപാടെടുക്കാനാവശ്യമായ രാഷ്ട്രീയസമ്മർദ്ദം ചെലുത്താൻ കേരളത്തിലെ ഇടതുപക്ഷകക്ഷികൾ

തയ്യാറാകണം. ഇക്കാര്യത്തിൽ മലയാളക്കരയുടെ ഐക്യവും മാഹാത്മ്യവും ഉദ്ഘോഷിക്കുന്ന ഒരു തീരുമാനമെടുക്കാൻ തയ്യാറാകണം.

ശ്രീമതി ഇ. എസ്. ബിജിമോൾ: ഉപക്ഷേപത്തെ പിന്താങ്ങുന്നു. 26-ഓളം ഭൂചലനങ്ങളാണ് കഴിഞ്ഞ 9 മാസത്തിനുള്ളിൽ ഇടുക്കി ജില്ലയിലുണ്ടായിട്ടുള്ളത്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 4 ഭൂചലനങ്ങളിൽ ആദ്യത്തേത് റിക്ടർ സ്കെയിലിൽ 3.7 വരെ രേഖപ്പെടുത്തിയത് ജനങ്ങളെ പരിഭ്രാന്തിയിലാഴ്ത്തുകയും വീടുകൾക്കും സ്കൂളുകൾക്കും കേടുപാടുകൾ ഉണ്ടാക്കുകയും ചെയ്തു. രാഷ്ട്രീയ-ജാതി-മത വ്യത്യാസമില്ലാതെ ജനങ്ങൾ ഒറ്റക്കെട്ടായി ആവശ്യപ്പെടുന്ന മുല്ലപ്പെരിയാർ പ്രശ്നത്തിന് സർക്കാർ പരിഹാരം കാണുകയും ജനങ്ങളുടെ ഭീതിയകറ്റുകയും ചെയ്യണം. മാധ്യമങ്ങൾ ജനങ്ങളുടെ ഭീതി ഏറ്റെടുത്ത് ഭരണകൂടത്തിനുമുന്നിൽ പ്രതിഫലിപ്പിക്കാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഹൈക്കോടതിയിൽ എ.ജി. നടത്തിയ പ്രസ്താവന നിരാശാജനകമാണ്. മുല്ലപ്പെരിയാറിന്റെ തീരപ്രദേശങ്ങളിൽ താമസിക്കുന്നവരുടെ മാനസികാവസ്ഥ മനസ്സിലാക്കി തമിഴ്നാടുമായുണ്ടാക്കിയ പാട്ടക്കരാർ റദ്ദ് ചെയ്തിട്ടായാലും അതിവേഗം രാഷ്ട്രീയ തീരുമാനമെടുത്ത് ദുരന്തമുഖത്തുനിന്നും ജനങ്ങളെ രക്ഷിക്കണം.

ശ്രീ. റോഷി അഗസ്റ്റിൻ: ഉപക്ഷേപത്തെ പിന്താങ്ങുന്നു. സഭയിൽ ഇന്ന് നടക്കുന്ന ചർച്ചയെ ഇടുക്കി നിവാസികൾ വളരെ പ്രതീക്ഷയോടുകൂടിയാണ് കാണുന്നത്. മുല്ലപ്പെരിയാർ വിഷയത്തെ സംബന്ധിച്ച് 1812 ദിവസങ്ങളായി സമരം നടക്കുകയാണ്. ഇടുക്കിയിലുണ്ടാകുന്ന തുടർച്ചയായ ഭൂകമ്പം ജനങ്ങളെ ദു:ഖത്തിലാഴ്ത്തിയിരിക്കുകയാണ്. മുല്ലപ്പെരിയാർ പ്രശ്നത്തിന്

പരിഹാരം കാണുന്നതിനും ജനങ്ങളുടെ ഉത്ക്കണ്ഠയും ഭീതിയും അകറ്റുന്നതിനും ശക്തമായ രാഷ്ട്രീയ ഇടപെടലുകളുണ്ടാകുകയും കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്യണം. പരസ്പര കലാപത്തിലേക്ക് പോകാതെ സംയമനം പാലിച്ചുകൊണ്ട് ഇരു സംസ്ഥാനങ്ങൾ തമ്മിൽ ചർച്ച ചെയ്യാനും ആവശ്യമായ ജലം കൊടുക്കാമെന്ന സംസ്ഥാനത്തിന്റെ വാദഗതിയോട് തമിഴ്നാട് യോജിക്കാനും ഈ ചർച്ച പ്രയോജനപ്പെടണം.

ശ്രീ. ജോസ് തെറ്റയിൽ: ഉപക്ഷേപത്തെ പിന്താങ്ങുന്നു. മുല്ലപ്പെരിയാർ പ്രശ്നം 35 ലക്ഷത്തോളം ജനങ്ങളുടെ ജീവനേയും സ്വത്തിനേയും ബാധിക്കുന്ന ദേശീയ പ്രശ്നമാണ്. ഭരണഘടനാനുസൃതമായി ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട ചുമതലയിൽനിന്ന് ഒഴിഞ്ഞുമാറാൻ രാജ്യത്തെ ഭരണാധികാരികൾക്ക് സാധ്യമല്ല. ഈ വിഷയം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഗൗരവമായി കണക്കിലെടുക്കണം. മുല്ലപ്പെരിയാർ ഡാം തകർന്നാൽ സംഭവിക്കാവുന്ന നാശനഷ്ടങ്ങളെക്കുറിച്ച് ഇതുവരെ ശാസ്ത്രീയ പഠനം നടത്തിയിട്ടില്ല. ജനങ്ങളാകെ ഭീതിയിൽ കഴിയുകയാണ്. ഇക്കാര്യം രാഷ്ട്രീയത്തിനതീതമായിക്കണ്ട് പരിഹാരം കാണുകയും ജനങ്ങളുടെ ആശങ്കയകറ്റുകയും ചെയ്യണം.

ശ്രീ. രമേശ് ചെന്നിത്തല: ഉപക്ഷേപത്തെ പിന്താങ്ങുന്നു. മുല്ലപ്പെരിയാർ അണക്കെട്ട് സ്ഥിതിചെയ്യുന്നത് കേരളത്തിലാണെങ്കിലും അതിന്റെ നിയന്ത്രണം തമിഴ്നാടിനാണ്. ഡാമിലെ ജലം തമിഴ്നാട് ഉപയോഗിക്കുന്നതിലല്ല അതിന്റെ സുരക്ഷയെ സംബന്ധിച്ചാണ് കേരളത്തിന് തർക്കമുള്ളത്. 116 വർഷം പഴക്കമുള്ള ഡാമിന്റെ സുരക്ഷ സംബന്ധിച്ച വിദഗ്ദ്ധരുടെ

റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അതീവ ഗുരുതരമായ ഈ പ്രശ്നം കണ്ടില്ലെന്ന് നടിക്കാൻ ആർക്കും കഴിയില്ല. ഇന്ത്യയിലെ കാലാവധി കഴിഞ്ഞ മുഴുവൻ അണക്കെട്ടുകളേയുംകുറിച്ച് ഡാം സേഫ്റ്റി അതോറിറ്റി പഠനം നടത്തണം. ഏറ്റവും പഴയ ടെക്നോളജിയിൽ നിർമ്മിച്ച മുല്ലപ്പെരിയാർ ഡാമിന്റെ അപകടകരമായ സ്ഥിതിയും ആ പ്രദേശത്ത് ഇടയ്ക്കിടയ്ക്കുണ്ടാകുന്ന ഭൂചലനങ്ങളും കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായി മാറിയിരിക്കുകയാണ്. തമിഴ്നാടിന് വെള്ളം കൊടുക്കാൻ കേരളം തയ്യാറാണ്. സുപ്രീം കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതുകൊണ്ട് ഉദ്യോഗസ്ഥതലത്തിലും മന്ത്രിതലത്തിലും മുഖ്യമന്ത്രിതലത്തിലും ചർച്ച ചെയ്ത് outside court settlement ഉണ്ടാക്കുകയാണ് വേണ്ടത്. അതിനായി ചർച്ചകൾക്ക് തയ്യാറാകാത്ത തമിഴ്നാട് മുഖ്യമന്ത്രിയുടെ നിലപാടിൽ മാറ്റമുണ്ടാകണം. കേരളത്തിലെയും തമിഴ്നാട്ടിലെയും ജനങ്ങളെ തമ്മിലടിപ്പിക്കുന്ന സ്ഥിതിയുണ്ടാകാൻ പാടില്ല. ഭൂചലനംമൂലം കേടുപാടുകൾ സംഭവിച്ച വീടുകൾക്ക് നഷ്ടപരിഹാരം അനുവദിക്കണം. ദേശീയ അന്തർദേശീയ തലങ്ങളിലുള്ള വിദഗ്ദ്ധരുടെ സേവനം ഉപയോഗപ്പെടുത്തി ഭൂചലനങ്ങളുടെ പ്രത്യാഘാതങ്ങളെപ്പറ്റി പഠിക്കാനും സാധാരണക്കാരായ ജനങ്ങൾക്ക് ആശ്വാസമെത്തിക്കത്തക്കനിലയിൽ ജാഗ്രത പാലിക്കാനും ഗവണ്മെന്റ് തയ്യാറാകണം. ഡാമിന് കുഴപ്പമുണ്ടായാൽ ഗവണ്മെന്റ് എന്തെല്ലാം കരുതൽനടപടികൾ സ്വീകരിക്കുമെന്നതിനെ സംബന്ധിച്ചുള്ള വിശദീകരണമാണ് എ.ജി. ഹൈക്കോടതിയിൽ കൊടുത്തത്. മുല്ലപ്പെരിയാർ പ്രശ്നത്തിന് പരിഹാരം കാണുന്നതിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ പ്രവർത്തിക്കണം. കേരളവും തമിഴ്നാടും യോജിച്ചുനിന്നുകൊണ്ട് പുതിയ ഡാം നിർമ്മി

ക്കണം. കേരളത്തിന് സുരക്ഷിതത്വവും തമിഴ്നാടിന് ജലവും എന്ന രീതിയിൽ മുന്നോട്ടു പോകണം. ഇരുസംസ്ഥാനങ്ങളിലെയും ജനങ്ങളുടെ ആശങ്ക അവസാനിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

ശ്രീ. കെ. കെ. ജയചന്ദ്രൻ: ഉപക്ഷേപത്തെ പിന്താങ്ങുന്നു. ഡാമിന്റെ പരിസര പ്രദേശങ്ങളിൽ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭൂചലനങ്ങളാണ് 116 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ ഡാമിന് തകർച്ചയുണ്ടാകും എന്ന ആശങ്കയ്ക്ക് കാരണമായിരിക്കുന്നത്. തമിഴ്നാടിന്റെ അഞ്ച് ജില്ലകളിൽ മുല്ലപ്പെരിയാറിലെ ജലം ഉപയോഗിച്ച് കൃഷി ചെയ്യുന്നതിനുപുറമെ 800 കോടിയോളം രൂപയുടെ വൈദ്യുതി ഉല്പാദിപ്പിക്കുകയും ചെയ്യുന്നുണ്ട്.. മുല്ലപ്പെരിയാർ ഡാം തകർന്നാൽ അതിൽ നിന്നുള്ള ജലം ഇടുക്കി ഡാമിൽ എത്തിച്ചേരാൻ ഏഴ് മണിക്കൂർ എടുക്കുമെന്നും അവിടെയുള്ള 450 കുടുംബങ്ങളെ മാത്രം മാറ്റിപ്പാർപ്പിച്ചാൽ മതിയെന്നുമുള്ള എ.ജി.യുടെ അഭിപ്രായം കേരളത്തിന്റെ വാദഗതികളെ ദുർബ്ബലപ്പെടുത്തുന്നതാണ്. ഡാം തകർന്നാൽ അവിടെനിന്ന് 32 കി.മീ ദൂരത്തിൽ അമിത വേഗത്തിൽ വരുന്ന വെള്ളത്തിന്റെ സമ്മർദ്ദം താങ്ങാനുള്ള കരുത്ത് ഇടുക്കി ഡാമിനുണ്ടോയെന്നും ഇടുക്കി, എറണാകുളം, കോട്ടയം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലുണ്ടാകാവുന്ന നാശനഷ്ടത്തെക്കുറിച്ചും പരിശോധിക്കപ്പെടണം. എ.ജി. യുടെ അഭിപ്രായം റവന്യൂ വകുപ്പുമന്ത്രിയും ന്യായീകരിക്കുകയുണ്ടായി. ഇക്കാര്യത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പൊതുഅഭിപ്രായം സ്വരൂപിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. അടിയന്തരമായി ഡാമിന്റെ ജലനിരപ്പ് കുറയ്ക്കുന്നതിനും പുതിയ ഡാം നിർമ്മിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u>: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. തമിഴ്നാടിന്റെ ശക്തമായ സമ്മർദ്ദത്തെ നേരിടുന്നതിന് കേന്ദ്ര സഹായം ആവശ്യമാണ്. ഡാമിന്റെ ജലനിരപ്പ് 120 അടിയായി കുറയ്ക്കുകയും ജനങ്ങളുടെ ആശങ്ക ഇല്ലാതാക്കുന്ന രീതിയിലുള്ള പ്രവർത്തനം നടത്തുകയും ചെയ്യണമെന്ന കേരളത്തിന്റെ ന്യായമായ ആവശ്യം നേടിയെടുക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതിന് സംസ്ഥാനം ഒറ്റക്കെട്ടായി നിലകൊള്ളണം. മുല്ലപ്പെരിയാർ ഡാമിന്റെ ബ്രേക്ക് ഡാം അനാലിസിസ് അതിവേഗത്തിൽ പൂർത്തീകരിച്ച് അപകട സാധ്യത കൂടുതലുള്ള മേഖലകളിൽനിന്നും ജനങ്ങളെ മാറ്റിപ്പാർപ്പിക്കണം. തമിഴ്നാടിന് ജലലഭ്യത ഉറപ്പുവരുത്തിക്കൊണ്ടാണ് പുതിയ ഡാം നിർമ്മിക്കുന്നതെന്ന് തമിഴ്നാടിനെ ബോധ്യപ്പെടുത്തണം. മാധ്യമങ്ങൾ ഉൾപ്പെടെ ആത്മസംയമനം പാലിച്ചുകൊണ്ട് ഈ ഭാഗത്തുള്ള ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഒരുമിച്ചുനിന്ന് പ്രവർത്തിക്കണം.

<u>ശ്രീ. എ. എ. അസീസ്</u>: ഉപക്ഷേപത്തെ പിന്താങ്ങുന്നു. മുല്ലപ്പെരിയാർ പ്രശ്നം പരിഹരിക്കുന്നതിന് ഭരണ-പ്രതിപക്ഷ അംഗങ്ങൾ ഒറ്റക്കെട്ടായി നില്ക്കുകയാണ്. സംസ്ഥാന വിരുദ്ധമായ കാര്യങ്ങൾ ഹൈക്കോടതിയിൽ അറിയിച്ചതിന് പരസ്യമായി എ.ജി.യെ എതിർക്കുകയും രഹസ്യമായി അംഗീകരിക്കുകയും ചെയ്യുന്ന ഗവൺമെന്റ് സമീപനം ശരിയല്ല. സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി അടിയന്തരമായി മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട പ്രശ്നത്തിന് പരിഹാരം കാണണം.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: ഉപക്ഷേപത്തെ പിന്താങ്ങുന്നു. ഈ പ്രശ്നത്തിൽ കേരളം ഒറ്റക്കെട്ടായി നില്ക്കുകയാണ്. മുല്ലപ്പെരിയാർ ഡാമിലെ

ജലവിതാനം 120 അടിയായി നിലനിറുത്തുകയും ഡാമിന്റെയും തദ്ദേശ വാസികളുടെയും സുരക്ഷ ഉറപ്പുവരുത്തുകയും ചെയ്യണം. മുല്ലപ്പെരിയാർ ഡാം സ്ഥിതി ചെയ്യുന്ന പ്രദേശത്ത് തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭൂചലനങ്ങൾ ജനങ്ങളിൽ ഭീതി ഉളവാക്കുന്നതിനാൽ ഒരു സുരക്ഷാ ഡാം നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. മുൻ ഗവൺമെന്റിന്റെ കാലത്ത് തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രത്യേക കമ്പനി രൂപീകരിച്ച് എത്രയുംപെട്ടെന്ന് പുതിയ ഡാമിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കണം. മുല്ലപ്പെരിയാർ ഡാം തകർന്നാൽ ഉണ്ടാകാവുന്ന ദുരന്തം നേരിടുന്നതിന് ആധുനിക സജ്ജീകരണങ്ങളോടുകൂടി ഡിസാസ്റ്റർ മാനേജുമെന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. പുതിയ ഡാം നിർമ്മിക്കുന്നതിന് മന്ത്രിമാർ, രാഷ്ട്രീയ പ്രതിനിധികൾ, ഉദ്യോഗസ്ഥർ, അഭിഭാഷകർ തുടങ്ങിയവരുൾപ്പെടുന്ന ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണം. രാഷ്ട്രീയകക്ഷി ഭേദമന്യേ പുതിയ ഡാം നിർമ്മിക്കണമെന്ന ആവശ്യത്തിന്മേൽ ഉറച്ചുനിൽക്കണം.

<u>ശ്രീ. തോമസ് ചാണ്ടി</u>: ഉപക്ഷേപത്തെ പിന്താങ്ങുന്നു. മുല്ലപ്പെരിയാർ കരാർ സംബന്ധിച്ച് മുൻകാല പ്രാബല്യത്തോടുകൂടിയുള്ള ഒരു പുതിയ നിയമനിർമ്മാണം നടത്താനും സംരക്ഷണ ഡാം നിർമ്മിക്കാനും നടപടി സ്വീകരിക്കണം. കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി പുതിയ ഡാം നിർമ്മിക്കുന്നതിന് അനുവാദം ലഭ്യമാക്കണം. പതിനായിരക്കണക്കിന് കുടുംബങ്ങളുടെ ഭീതിയകറ്റാൻ അടിയന്തര നടപടി സ്വീകരിക്കണം.

<u>ഡോ. കെ.ടി. ജലീൽ</u>: ഉപക്ഷേപത്തെ പിന്താങ്ങുന്നു. മുല്ലപ്പെരിയാർ ഡാമിന്റെ കാലപ്പഴക്കം അപകടഭീഷണി ഉയർത്തുന്ന സാഹചര്യത്തിലാണ് പുതിയ ഡാം പണിയണമെന്ന ആവശ്യം ഉയർന്നുവന്നിരിക്കുന്നത്.

നിസ്സംഗതയുടെ ഫലമായി ലക്ഷക്കണക്കിന് ജനങ്ങളുടെ ജീവൻ നഷ്ട പ്പെടുന്ന സ്ഥിതിയുണ്ടാകാൻ പാടില്ല. ഇരു സംസ്ഥാനങ്ങളെയും യോജിപ്പിച്ച് പ്രശ്നം പരിഹരിക്കുന്നതിന് പ്രധാനമന്ത്രിയും കേന്ദ്രഗവൺമെന്റും അടിയന്തരമായി ഈ വിഷയത്തിൽ ഇടപെടണം.

ശ്രീ. ടി.എ. അഹ്മദ് കബീർ: ഉപക്ഷേപത്തെ പിന്താങ്ങുന്നു. കാലപ്പഴക്കംചെന്ന ഡാം അപകടത്തിലായാലുണ്ടാകാവുന്ന സ്ഥിതിഗതികൾ വസ്തുതാപരമായി വിലയിരുത്തി അധികൃത കേന്ദ്രങ്ങളിലെത്തിക്കാൻ ജാഗ്രതയുണ്ടാകണം. എ.ജി.യുടെ പരാമർശങ്ങൾ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കണം. കേരളത്തിലെ ജനങ്ങൾക്കിടയിൽ സംഭ്രമജനക മായ അവസ്ഥ സൃഷ്ടിക്കുന്ന ഇക്കാര്യത്തിൽ യു.ഡി.എഫ്.-ഉം എൽ.ഡി. എഫ്.-ഉം വ്യത്യസ്ത രീതിയിൽ നടത്തുന്ന സമരം സംസ്ഥാനത്തിന്റെ വിശാലമായ താൽപര്യങ്ങൾക്ക് അനുഗുണമാണോ എന്നാലോചിക്കണം. ഡാം അപകടത്തിലായാലുണ്ടാകാവുന്ന വിവിധ പ്രശ്നങ്ങൾ തമിഴ്നാടിനെ ബോധ്യപ്പെടുത്താൻ കഴിയണം. പുതിയ കരാർ ഉണ്ടാക്കിയാൽ വെള്ള ത്തിനും വൈദ്യുതി ഉൽപാദനത്തിനുമുള്ള ചെലവിലുണ്ടാകുന്ന വർദ്ധനവു മൂലം തമിഴ്നാടിന് നഷ്ടം വരുമെന്നുള്ളതുകൊണ്ടാണ് പുതിയ ഡാം വരുന്ന തിനെ അവർ എതിർക്കുന്നത്. ഡാമിന്റെ മാനേജ്മെന്റ് ശരിയായ രീതിയി ലാണോ പ്രവർത്തിക്കുന്നതെന്ന് പരിശോധിക്കാനും ഹൈഡ്രോളജിക്കൽ സിസ്റ്റം തകർന്നുപോകാതിരിക്കാനും നടപടിയുണ്ടാകണം. പുതിയ ഡാം നിർമ്മിക്കുന്നതിന് അടിയന്തര നടപടികൾ ഉണ്ടാകണം.

ശ്രീ. സി. ദിവാകരൻ: ഉപക്ഷേപത്തെ പിൻതാങ്ങുന്നു. മുല്ലപ്പെരിയാർ വിഷയത്തിൽ അഡ്വക്കേറ്റ് ജനറൽ ഹൈക്കോടതിയിൽ നൽകിയ സ്റ്റേറ്റുമെന്റ് നിരാശാജനകമാണ്. ഈ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിലാണ് തമിഴ്നാട്

മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തെഴുതിയിരിക്കുന്നത്. ഡാമിന്റെ ചോർച്ച തടയുന്നതിന് വെള്ളത്തിന്റെ അളവ് 120 അടിയിലേക്ക് താഴ്ത്തുന്നതോടൊപ്പം പുതിയ ഡാം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് മുഖ്യമന്ത്രി ഉൾപ്പെടെയുള്ള യു.ഡി.എഫ്. നേതാക്കൾ കേന്ദ്ര ഗവൺമെന്റിൽ ശക്തമായ ഇടപെടൽ നടത്തണം.

ശ്രീ. വി.ഡി. സതീശൻ : ഉപക്ഷേപത്തെ പിന്താങ്ങുന്നു. മുല്ലപ്പെരിയാറിൽ പുതിയ ഡാം പണിയണമെന്നും ജലവിതാനം 120 അടിയായി താഴ്ത്തണമെന്നും ദുരന്തമുണ്ടായാൽ നേരിടാനായി കോംപ്രി ഹെൻസീവായ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ വേണമെന്നുമുള്ള കേരള ത്തിന്റെ വ്യക്തമായ ആവശ്യങ്ങൾ നേടിയെടുക്കാൻ കഴിയണം. 1886-ലെ കരാർ പുതുക്കാനുള്ള അവസരം സംസ്ഥാനം നഷ്ടപ്പെടുത്തിയതിന്റെ ഫലമായി പാട്ടക്കരാർ റദ്ദാക്കാനോ കരാറിൽ നിന്ന് പിൻവാങ്ങുന്നതിനോ സംസ്ഥാനത്തിന് അവസരമില്ലാതായിരിക്കുകയാണ്. 1979-ൽ ഇൻഡ്യയിലെ ഡാമുകൾ സന്ദർശിച്ച സെൻട്രൽ വാട്ടർ കമ്മീഷൻ മുല്ലപ്പെരിയാറിലെ ജല വിതാനം 136 അടിയായി താഴ്ത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. 2006-ൽ സുപ്രീംകോടതി നിയമിച്ച എക്സ്പെർട്ട് കമ്മിറ്റിയുടെ റെക്കമെന്റേഷന്റെ അടിസ്ഥാനത്തിൽ ജലവിതാനം 142 അടിയായി ഉയർത്താനുള്ള അനുവാദം കിട്ടിയതിനെത്തുടർന്ന് അന്നത്തെ സർക്കാർ നിയമസഭാ സമ്മേളനം വിളിച്ചു കൂട്ടി ഡാം സേഫ്റ്റി അതോറിറ്റി നിയമം ഐകകണ്ഠ്യേന പാസ്സാക്കുകയും ജലവിതാനം 136 അടിയായി നിലനിർത്താനുള്ള തീരുമാനമെടുക്കുകയും ചെയ്തിരുന്നു. സുപ്രീം കോടതി വിധി നിലനിൽക്കുന്നതിനാൽ ജലവിതാനം 120 അടിയാക്കി താഴ്ത്താനുള്ള നിർദ്ദേശം കൊടുക്കാൻ കേന്ദ്ര ഗവൺമെന്റിന് കഴിയില്ല. കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി എൻവയോൺമെന്റൽ

ക്ലിയറൻസ് നേടിയെടുത്ത് പുതിയ ഡാം നിർമ്മിക്കാനും ജനങ്ങളുടെ ആശങ്ക യകറ്റാനും നടപടി സ്വീകരിക്കണം. ശാസ്ത്രീയ പഠനം നടത്തി ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ ഉണ്ടാക്കുകയും പ്രിക്കോഷണറി സ്റ്റെപ്പ് എടുക്കുകയും വേണം. ഈ വിഷയത്തിൽ തുറന്ന ചർച്ചയും സുതാര്യമായ സമീപനവും ചടുലമായ ഇടപെടലും ബുദ്ധിപൂർവ്വമായ നീക്കങ്ങളും നടത്തി കേരളം ഒറ്റക്കെട്ടായി നിൽക്കണം.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : ഉപക്ഷേപത്തെ അനുകൂലിക്കുന്നു. മുല്ലപ്പെരിയാറിൽ പുതിയ ഡാം പണിയണമെന്ന് കക്ഷി രാഷ്ട്രീയ ഭേദമെന്യേ അഭിപ്രായം ഉന്നയിച്ചിരിക്കുകയാണ്. 1979-ൽ പുതിയ ഡാം നിർമ്മിക്കണമെന്ന് സെൻട്രൽ വാട്ടർ കമ്മീഷൻ കേരളത്തെയും തമിഴ്നാടിനെയും അറിയിച്ചെങ്കിലും റിപ്പെയർ ചെയ്താൽ മാത്രം മതിയെന്ന് തമിഴ്നാട് സർക്കാർ തീരുമാനിക്കുകയാണുണ്ടായത്. ഡാമിന്റെ കാലപ്പഴക്കവും ഇടയ്ക്കിടെയുണ്ടാകുന്ന ഭൂചലനങ്ങളും ജനങ്ങളെ ഭയവിഹ്വലരാക്കിയിരിക്കുകയാണ്. പരസ്പര ചർച്ചയിലൂടെ സൗഹൃദ പരമായി ഈ പ്രശ്നം പരിഹരിക്കേണ്ടതുണ്ട്. പുതിയ ഡാം നിർമ്മിക്കുന്നതു വരെ ജലനിരപ്പ് 120 അടിയായി നിജപ്പെടുത്തേണ്ടത് അനിവാര്യമായിരിക്കുക യാണ്. സംസ്ഥാനത്തിന്റെ താൽപ്പര്യത്തിന് വിരുദ്ധമായ രീതിയിൽ അഡ്വക്കേറ്റ് ജനറൽ കേരള ഹൈക്കോടതിയിൽ സ്റ്റേറ്റുമെന്റ് നൽകിയത് പ്രതിഷേധാർഹമാണ്. അതിന് മുഖ്യമന്ത്രിയുടെയും ജലവിഭവ വകുപ്പുമന്ത്രി യുടെയും അംഗീകാരം വാങ്ങിയിരുന്നോയെന്ന് വ്യക്തമാക്കണം. മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഫലപ്രദമായി കേസ് കൈകാര്യം ചെയ്തതിന്റെ ഫലമായി അണക്കെട്ടിലെ ജലനിരപ്പ് 152-ൽനിന്ന് 142 അടിയിലേക്ക് എത്തിക്കാൻ സാധിച്ചു. നിയമസഭ പാസ്സാക്കിയ ജല

സേചനവും ജലസംരക്ഷണവും നിയമത്തിന്റെ അടിസ്ഥാനത്തിൽ അണക്കെട്ടിലെ ജലനിരപ്പ് 136 അടിയിൽ കൂടാൻ പാടില്ലെന്ന തീരുമാനത്തെ ചോദ്യം ചെയ്തുകൊണ്ട് തമിഴ്നാട് സർക്കാർ സുപ്രീംകോടതിയിൽ സമർപ്പിച്ച കേസ് തള്ളിയ സാഹചര്യത്തിലാണ് അണക്കെട്ടിലെ ജലനിരപ്പ് 136 അടിയായി ഇന്ന് നിജപ്പെടുത്തിയിരിക്കുന്നത്. ഇൻഡ്യ സ്വതന്ത്രമായതോടു കൂടി ബ്രിട്ടീഷ് പാർലമെന്റ് പാസ്സാക്കിയ നിയമമനുസരിച്ച് സംസ്ഥാനങ്ങൾ തമ്മിലോ കേന്ദ്ര ഗവൺമെന്റുമായോ ഉണ്ടാക്കിയിട്ടുള്ള കരാറുകൾ നില നിൽക്കുന്നതല്ല. ഫെഡറൽ ഇന്ത്യയുടെ ഭരണഘടന അനുസരിച്ച് സംസ്ഥാ നങ്ങൾക്കുള്ള സ്വതന്ത്ര അധികാര-അവകാശങ്ങളുടെ അടിസ്ഥാനത്തിൽ പുതിയ ഡാം നിർമ്മിക്കാൻ കഴിയും. ഡാമിന്റെ സുരക്ഷയെ സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള ആശങ്കകളകറ്റുന്നതിന് മുഖ്യമന്ത്രി അവതരിപ്പിച്ച ഉപ ക്ഷേപം ഇനിയും സ്ക്രൂട്ടിനൈസ് ചെയ്യേണ്ടതുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : മനുഷ്യജീവന് പ്രാധാന്യം നൽകിക്കൊണ്ടുള്ള തീരുമാനമാണ് മുല്ലപ്പെരിയാർ വിഷയത്തിൽ ഉണ്ടാകേണ്ടത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് റൂർക്കി ഐ.ഐ.ടി. യേയും ഐ.ഐ.ടി., ഡൽഹിയേയും മുല്ലപ്പെരിയാറിന്റെ സുരക്ഷ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഏൽപ്പിച്ചതിനെ പ്രത്യേകം അഭിനന്ദിക്കുന്നു. റൂർക്കി ഐ.ഐ.ടി.യുടെ റിപ്പോർട്ടിൽ മുല്ലപ്പെരിയാർ മേഖല seismic zone-3-ൽ ആണെന്നും റിക്ടർ സ്കെയിലിൽ 6.5 വരെ യുള്ള ഭൂചലനങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്നും വ്യക്തമാക്കിയിട്ടുള്ള താണ്. 2000-ൽ റിക്ടർ സ്കെയിലിൽ 5.2 വരെയുള്ള ഭൂചലനം അവിടെ രേഖപ്പെടുത്തിയിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ സ്റ്റാന്റേർഡ്സ്

മുല്ലപ്പെരിയാർ seismic zone-4-ലേക്ക് മാറിയിരിക്കുന്നുവെന്നും ഇടയ്ക്കിടയ്ക്ക് ഭൂചലനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുമെന്നുമാണ് ഈ അടുത്ത കാലത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 2009-ൽ റിപ്പോർട്ട് ലഭിച്ചതിനുശേഷം അന്നത്തെ ഗവൺമെന്റ് സുപ്രീം കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുകയും നിയമപരമായ കാര്യങ്ങൾ ചെയ്യുകയും ചെയ്തുവെങ്കിലും ഇതുസംബന്ധിച്ച് ഒരു പബ്ലിക് ഡിബേറ്റ് നടത്തിയിരുന്നില്ല. പ്രിക്കോഷണറി മെഷേഴ്സിന്റെ ഭാഗമായി ജലനിരപ്പ് താൽക്കാലികമായി 120 അടിയായി താഴ്ത്തണമെന്ന് കോടതിയിൽ അപേക്ഷ സമർപ്പിക്കുകയും ഈ വിഷയത്തിൽ അടിയന്തരമായി ഇടപെടണമെന്ന് പ്രധാനമന്ത്രിയോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഡാം സേഫ്റ്റി ബിൽ 2010 പാർലമെന്റ് പാസ്സാക്കിയാൽ ഇപ്പോഴുള്ള പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയും. 1979-ൽ സെൻട്രൽ വാട്ടർ കമ്മീഷൻ സുരക്ഷിതമല്ലെന്ന് ശുപാർശ ചെയ്ത മുല്ലപ്പെരിയാർ ഡാമിനുപകരം പുതിയ ഡാം പണിയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അവിടെ ചോർച്ച അതിശക്തമാണെന്നുമാത്രമല്ല, അമിത മഴയുണ്ടായാൽ അപകടമുണ്ടാകുമെന്നതിനാൽ അടിയന്തരമായി പ്രതിരോധ നടപടികൾ സ്വീകരിക്കണം. പ്രതിപക്ഷ കക്ഷികളുൾപ്പെടെ ഇതിനുവേണ്ടി ശബ്ദമുയർത്തുകയും ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കുകയും ചെയ്യണം.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ച ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ് മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് ആന്റ് സർവെയ്ലൻസിനുവേണ്ടി അഞ്ച് അൾട്രാസോണിക് ഡിസ്ചാർജ് ഗേജ് സ്ഥാപിക്കുന്നതിനും ഇന്റഗ്രേറ്റഡ് ടെക്നോളജി ഉപയോഗിക്കുന്നതിനും

റേഡിയോ ബേസ്ഡ് നെറ്റ്‌വർക്ക് സ്ഥാപിക്കുന്നതിനും സ്വീപ്പേജ് വാട്ടറിന്റെ ലവൽ അറിയുന്നതിനുള്ള റിയൽടൈം വീഡിയോ ഡേറ്റ തയ്യാറാക്കുന്നതിനും നടപടികളെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രാഥമികമായി കിട്ടിയ വിവരങ്ങളനുസരിച്ച് ഡാം തകർന്നാൽ അഞ്ച് പഞ്ചായത്തുകളിലാണ് ഏറ്റവും കൂടുതൽ നാശനഷ്ടം സംഭവിക്കാൻ സാധ്യതയുള്ളത്. ഡിസാസ്റ്റർ മാനേജ്മെന്റിനുള്ള തുക രണ്ട് കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. സയൻസ് ആന്റ് ടെക്നോളജി വകുപ്പിന്റെ നേതൃത്വത്തിൽ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് സ്റ്റേറ്റ് ഗവൺമെന്റ് 60 ലക്ഷം രൂപ മുടക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി ബേസ്ഡ് ഡിസാസ്റ്റർ റിസ്ക്ക് മാനേജ്മെന്റിനുവേണ്ടിയുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കിയിരിക്കുകയാണ്. ഗവൺമെന്റിൽ നിന്നും എഴുതിക്കൊടുത്തതിന്റെ അടിസ്ഥാനത്തിലാണ് എ.ജി.-യുടെ പരാമർശം വന്നിരിക്കുന്നതെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. മുല്ലപ്പെരിയാർ പ്രശ്നം സംബന്ധിച്ച് അടിയന്തരമായി ചർച്ച ചെയ്യുന്നതിന് ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റിയുടെ യോഗം നവംബർ 2-ാം തീയതി രാവിലെ 11-00 മണിക്ക് ചേരാൻ തീരുമാനിച്ചിരുന്നതാണ്. കോടതിയിൽ ഈ കേസ് എടുക്കുന്ന സമയത്ത് കമ്മിറ്റി കൂടുന്നതേയുള്ളൂ എന്ന വിവരം ഉൾപ്പെടുത്തി ഗവൺമെന്റ് കൊടുത്ത സ്റ്റേറ്റ്മെന്റ് കൂടി അംഗീകരിച്ചുകൊണ്ടാണ് കോടതി വിധി പറഞ്ഞിട്ടുള്ളത്. കേരളീയർ ഒരുമിച്ചുനിന്ന് ഈ പ്രശ്നത്തെ നേരിടണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : 2006-ൽ നിയമസഭയുടെ സ്പെഷ്യൽ സമ്മേളനം വിളിച്ചുകൂട്ടി ഡാം സേഫ്റ്റി നിയമത്തിന് രൂപം കൊടുക്കുകയും ജലവിതാനം 142-ൽ നിന്ന് 136 അടി ആയി കുറയ്ക്കുന്നതിന് തീരുമാനമെടു

ക്കുകയും ചെയ്തു. ഇപ്പോൾ സുപ്രീം കോടതിയിൽ അത് ചോദ്യം ചെയ്യപ്പെട്ടിരിക്കുകയാണ്. അതിനുശേഷം ഡാമിന്റെ അപകട സ്ഥിതി യെക്കുറിച്ചുള്ള വിദഗ്ദ്ധാഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് പ്രമേയം കൊണ്ടുവന്നിരിക്കുന്നത്. ജലവിതാനം 136-ൽ നിന്ന് 120 അടി ആയി കുറയ്ക്കേണ്ടതും പുതിയ ഒരു സംരക്ഷണ ഡാം നിർമ്മിക്കേണ്ടതും അത്യാവശ്യമാണ്. പുതിയ ഡാം നിർമ്മിക്കുന്നതിന് അഭിപ്രായ ഐക്യത്തി നുവേണ്ടി കാത്തുനിൽക്കേണ്ട കാര്യമില്ല. ഉന്നതതലത്തിലുള്ള ചർച്ചകളിലെല്ലാം ഉയർന്നുവന്നിട്ടുള്ളത് ഈ പ്രശ്നത്തിൽ മുൻകരുതൽ നടപടി സ്വീകരിക്കണമെന്നു തന്നെയാണ്. അപകട സൂചനയുണ്ടായാൽ സുരക്ഷിതത്ത്വത്തിന് വേണ്ടി ഏതൊരു സംസ്ഥാനത്തിനും ആക്ട് ചെയ്യാമെ ന്നുള്ളതാണ് ലോകതത്വം. പ്രദേശത്തെ ജനങ്ങളുടെ സുരക്ഷയ്ക്കുവേണ്ടി ഒരു സംരക്ഷണ ഡാം പണിയുന്നതിനുള്ള നടപടിയിലേക്ക് കടക്കണം. എ.ഐ.എ.ഡി.എം.കെ.യുടെ മേൽ സമ്മർദ്ദം ചെലുത്തി അവരെടുക്കുന്ന നിലപാട് ശരിയല്ല എന്നുപറയാനുള്ള ആർജ്ജവം പ്രതിപക്ഷം കാണിക്കണം. 'തമിഴ്നാടിന് വെള്ളം കേരളത്തിന് സുരക്ഷ' എന്ന നിലപാട് കേരളം സ്വീകരിക്കുന്ന സാഹചര്യത്തിൽ കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്ന തിന് തമിഴ്നാട് തടസ്സം നിൽക്കുന്നത് ഒഴിവാക്കാൻ തമിഴ്നാടിനുമേൽ സമ്മർദ്ദം ചെലുത്താൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മുല്ലപ്പെരിയാറിനെ സംബന്ധിച്ച് 'തമിഴ്നാടിന് വെള്ളം കേരളത്തിന് സുരക്ഷ' എന്ന ആശയം മുൻനിർത്തി പുതിയ ഡാം നിർമ്മിക്കാനും ജലനിരപ്പ് 120 അടിയായി താഴ്ത്താനും കേരളം ഒറ്റക്കെട്ടായി തീരുമാനമെടുക്കുന്നു എന്നത് അഭിമാനാർഹമാണ്. മുല്ലപ്പെരി

യാർ പ്രശ്നം സംബന്ധിച്ച് സംസ്ഥാനമെടുക്കുന്ന നിലപാടിന് ദേശീയ തലത്തിൽ വലിയ അംഗീകാരം കിട്ടിയിട്ടുണ്ട്. കേരളം തമിഴ്നാടിന് വെള്ളം കൊടുക്കാൻ സ്വീകരിക്കുന്ന സമീപനത്തിന്റെ യുക്തിയും പ്രസക്തിയും പൂർണ്ണമായി കേന്ദ്ര ഗവൺമെന്റിന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ കേന്ദ്രം ഈ പ്രശ്നത്തിലിടപെട്ട് ഇരുസംസ്ഥാനങ്ങളേയും വിളിച്ച് ചർച്ചചെയ്ത് തീരുമാനമെടുക്കുന്നതിനുള്ള ശ്രമമാണ് നടത്തുന്നത്. ഇവിടെ പ്രകടിപ്പിച്ച വികാരം പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാനാവശ്യമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കും. പ്രതിപക്ഷവുമായി ആലോചിച്ച് തമിഴ്നാടുമായുള്ള നല്ല ബന്ധം നിലനിർത്തിക്കൊണ്ടുതന്നെ കേരളത്തിന്റെ സുരക്ഷ ഉറപ്പാക്കുന്ന നടപടിയുമായി സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുപോകും. സുപ്രീം കോടതിയുടെ പരിഗണനയിലിരിക്കുന്നതും രണ്ട് സംസ്ഥാനങ്ങൾ തമ്മിലുള്ള എഗ്രിമെന്റിന്റെ കാര്യവുമായതിനാൽ ഇക്കാര്യത്തിൽ പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാനാണ് ശ്രമിക്കുന്നത്. അഡ്വക്കേറ്റ് ജനറൽ കൊടുത്ത സ്റ്റേറ്റ്മെന്റിനെ സംബന്ധിച്ച് സർവ്വകക്ഷി യോഗത്തിൽ സജീവമായി ചർച്ച ചെയ്യുകയും സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി മന്ത്രിമാരുൾപ്പെടുന്ന സബ്കമ്മിറ്റിയുണ്ടാക്കി. ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് കൂടുതൽ വ്യക്തത വരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് കൊടുക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തു. മുല്ലപ്പെരിയാർ ഡാം സുരക്ഷിതമാണെന്ന 2000-2001-ലെ എക്സ്പെർട്ട് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സുപ്രീം കോടതിയുടെ 2006-ലെ വിധി വന്നിട്ടുള്ളത്. ഈ കാര്യത്തിൽ ഒറ്റക്കെട്ടായുള്ള കേരളത്തിന്റെ നിലപാട് കേന്ദ്ര ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

<u>ചട്ടം 275 അനുസരിച്ചുള്ള സബ്സ്റ്റാന്റീവ് മോഷൻ</u>

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u>: കാലപ്പഴക്കവും തുടർച്ചയായി ഉണ്ടാകുന്ന ഭൂകമ്പ ഭീഷണിയും അതിവൃഷ്ടിയുംമൂലം മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയ്ക്കും ഡാമിന്റെ നിലനിൽപ്പിനും അതീവ ഗുരുതരമായ ഭീഷണി ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ ലക്ഷക്കണക്കിന് ജനങ്ങളുടെ സുരക്ഷയെ കരുതി പുതിയ ഡാം നിർമ്മിക്കാൻ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളോട് കേരള നിയമസഭ അഭ്യർത്ഥിക്കുന്നു. പുതിയ ഡാമിന്റെ നിർമ്മാണം വരെ നിലവിലുള്ള ഡാമിന്റെ സുരക്ഷയ്ക്കുവേണ്ടി ജലനിരപ്പ് 120 അടിയായി താഴ്ത്തുവാൻ അടിയന്തര മായ നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. പുതിയ ഡാമിന്റെ നിർമ്മാണത്തെ ത്തുടർന്ന് നിലവിൽ നൽകുന്ന അതേ അളവിൽതന്നെ തമിഴ്നാടിന് വെള്ളം ലഭ്യമാക്കാൻ കേരളം പ്രതിജ്ഞാബദ്ധമാണെന്നും "കേരളത്തിന് സുരക്ഷ- തമിഴ്നാടിന് ജലം" എന്ന സമീപനത്തിൽ കേരളം ഉറച്ചുനിൽക്കുമെന്നും കേരള നിയമസഭ അസന്ദിഗ്ദ്ധമായി ഉറപ്പുനൽകുന്നു എന്ന സബ്സ്റ്റാന്റീവ് മോഷൻ അവതരിപ്പിക്കുന്നു.

മുഖ്യമന്ത്രി അവതരിപ്പിച്ച സബ്സ്റ്റാന്റീവ് മോഷൻ സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

**<u>സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നതു സംബന്ധിച്ച്</u>**

<u>മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):</u> സഭ മുമ്പാകെ മറ്റ് അത്യാവശ്യ ഔദ്യോഗിക ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിത കാലത്തേക്ക് പിരിയാവുന്നതാണ്.

<u>മി. സ്പീക്കർ:</u> എല്ലാവർക്കും ക്രിസ്തുമസ് നവവത്സരാശംസകൾ നേരുന്നു. നന്ദി.

സഭ ഉച്ചയ്ക്കുശേഷം 12.30-ന് അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു.

**@@@@@@@@**